# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5600</u> <u>02.07.2014 ൽ മറുപടിക്ക്</u>

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്നവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രി യിൽ നിത്യവും എത്ര രോഗികളാണ് ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ ; | (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2013-14 വർഷത്തിൽ 4,85,290 പേർ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തിയിട്ടുണ്ട്. ദിവസേന ശരാശരി 1329 രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്. |
| (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രി യിൽ 24 മണിക്കൂറും രോഗികളെ പരിശോധിക്കാൻ ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ടോ; ഒ.പി. വിഭാഗത്തിൽ എത്ര ഡോക്ടർമാരെയാണ് രാവിലെയും വൈകുന്നേരവും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) ഉണ്ട്. രാവിലെ 8 മണി മുതൽ 1 മണി വരെ ജനറൽ ഒ.പി, മെഡിക്കൽ, ഗൈനക്, ഓർത്തോ, സർജറി, പീഡിയാട്രിക്, ത്വക്ക് രോഗ വിഭാഗം, ഇ.എൻ.ടി, നേത്രരോഗ വിഭാഗം, ദന്തൽ വിഭാഗം എന്നീ ഒ.പി.കൾ പ്രവർത്തിക്കുന്നുണ്ട്. ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 8 മണി വരെ ജനറൽ ഒ.പി.യിൽ ഒരു ഡോക്ടറെയും അത്യാഹിത വിഭാഗത്തിൽ ഒരു ഡോക്ടറെയും വാർഡിൽ ഒരു ഡോക്ടറെയും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. |
| (സി) ഒ.പി.യിൽ വരുന്ന രോഗികളെ മണിക്കൂറുകളോളം ക്യൂവിൽ നിർത്തി മന:പൂർവ്വം ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്നുവെന്ന പരാതി ആശുപത്രി സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (സി) രോഗികളെ മന:പൂർവ്വം ബുദ്ധിമുട്ടിക്കുന്നുവെന്ന രൂപത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒ.പി. വിഭാഗത്തിലെത്തുന്ന രോഗികൾക്ക് സമയബന്ധിത സേവനം ലഭ്യമാക്കാനാവശ്യമായ ഡോക്ടർമാരുടെ കുറവുമൂലം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഒ.പി.യിൽ വരുന്ന രോഗികൾ മണിക്കൂറുകളോളം ക്യൂവിൽ നിൽക്കുന്നത് പരിഹരിക്കാൻ സൂപ്രണ്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (ഡി) എല്ലാ ഒ.പി.യിലും ടോക്കൺ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഒ.പി. നടത്തുന്ന മുറികളിൽ പരമാവധി ഇരിപ്പിടസൗകര്യം, ഫാൻ എന്നിവ ഒരുക്കിയിട്ടുണ്ട്. |
| (ഇ) ഒ.പി.യിലെ നീണ്ട ക്യൂ കാരണം രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേക്കായി കൂടുതൽ ഡോക്ടർമാരെ ഡ്യൂട്ടിക്കായി നിയോഗിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ ; | (ഇ) ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്തതരത്തിൽ പരമാവധി ഡോക്ടർമാരെ ഒ.പി.യിൽ നിയോഗിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (എഫ്) ഐ.പി. വിഭാഗത്തിൽ ദിവസേന എത്ര രോഗികളാണ് ചികിത്സയ്ക്കായി എത്തുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) പ്രതിദിനം ശരാശരി ഐ.പി 350 ആണ്. ദിവസവും ശരാശരി 42 പേർ പുതുതായി ചികിത്സയ്ക്കായി ഐ.പി. വിഭാഗത്തിൽ എത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ